**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4900** **20-07-2022 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പതിനഞ്ച് വർഷത്തിന് മുൻപുള്ള എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തുന്നതിനുള്ള അപേക്ഷയുടെ നടപടി ക്രമങ്ങൾ വിശദമാക്കാമോ; | (എ) | 15 വർഷത്തിന് മുമ്പുള്ളതും 15 വർഷത്തിനകമുള്ളതുമായ എസ്.എസ്. എൽ.സി സർട്ടിഫിക്കറ്റിലെ ജനനത്തീയതി ഒഴികെയുള്ള തിരുത്തലുകൾക്കുള്ളത് സാധാരണ നടപടിക്രമമാണ്. 15 വർഷത്തിനു ശേഷമുള്ള എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകളിൽ ജനനത്തീയതി തിരുത്തുന്നതിന് സർക്കാരിൽ നിന്നുള്ള പ്രത്യേക അനുമതി ആവശ്യമാണ്. നടപടിക്രമങ്ങൾ സംബന്ധിച്ച പൊതു നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാപ്പ് അപേക്ഷ നൽകേണ്ട സാഹചര്യങ്ങളും അതിന്റെ നടപടി ക്രമങ്ങളും വിശദമാക്കാമോ; | (ബി) | **എസ്.എസ്.എൽ.സി പരീക്ഷ എഴുതി 15 വർഷത്തിനുശേഷമുള്ള ജനനത്തീയതി തിരുത്തലുകൾക്ക് കാലതാമസം മാപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകുന്നത് 1959 ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 6, ചട്ടം 3 (എ), പ്രസ്തുത ചട്ടത്തിന്റെ കുറിപ്പ് എന്നിവ പ്രകാരമാണ്. ടി സർക്കാർ ഉത്തരവിനായി ബന്ധപ്പെട്ട വ്യക്തി സർക്കാരിൽ അപേക്ഷ സമർപ്പിക്കേണ്ടതും ടി അപേക്ഷയിൽ അഞ്ച് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതും, ഇപ്പോൾ ജനനത്തീയര തിരുത്തൽ വരുത്തേണ്ടതിന്റെ ആവശ്യകതയും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആളാണോ എന്ന വിവരം വ്യക്തമാക്കേണ്ടതും, സർക്കാർ ജോലിയുള്ള ആളാണെങ്കിൽ ഉചിതമാർഗ്ഗേണ (മേലധികാരി മുഖേന) അപേക്ഷ സമർപ്പി ക്കേണ്ടതും, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലി ഇല്ലെങ്കിൽ നിലവിലുള്ള ജോലി എന്താണെന്ന് അപേക്ഷയിൽ വ്യക്തമാക്കേണ്ടതുമാണ്. കൂടാതെ അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ജനനസർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ്/ സ്വയം** |

| | | | |
|---|---|---|---|
| | | | **സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾക്കൊള്ളിക്കേണ്ടതും, ടി സർട്ടിഫിക്കറ്റുകളിൽ അപേക്ഷ സമർപ്പിച്ച വ്യക്തിയുടെയോ ടിയാളു മാതാപിതാക്കളുടെയോ പേരിൽ വ്യത്യാസം കാണുന്നുണ്ടെങ്കിൽ രണ്ടും ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രത്തിന്റെ പകർപ്പും ഉൾക്കൊള്ളിച്ച് സർക്കാരിൽ അപേക്ഷ സമർപ്പിക്കേ ണ്ടതുമാണ** |
| (സി) | അപേക്ഷ ലഭിച്ചാൽ അതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | അപേക്ഷയിൽ മതിയായ രേഖകൾ ഉണ്ടെങ്കിൽ മുൻഗണനാക്രമത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഇല്ല. അല്ലാത്തപക്ഷം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് അപേക്ഷകന് കത്ത് നൽകുന്നതാണ്. മതിയായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി., എ.എച്ച്.എസ്.എൽ.സി. പത്താംതരം തുല്യതാ പരീക്ഷ, എൻ.റ്റി.ഇ.സി., റ്റി.റ്റി.സി., ഡി.എഡ് മുതലായ സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ വരുത്തുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ

## രണ്ട് തരം അപേക്ഷാഫാറങ്ങളാണുള്ളത്

1. **ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ**
2. **ജനനത്തീയതി ഒഴികെയുള്ള വിവരങ്ങൾ തിരുത്തുന്നതിനുള്ള അപേക്ഷ**

സ്കൂൾ മേധാവിയുടെ ശുപാർശയോടുകൂടിയ നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകൾ മാത്രം പരിഗണിക്കുക. ജനനത്തീയതി തിരുത്തുന്നതിന് 500/- രൂപയും മറ്റ് തിരുത്തലുകൾക്ക് 30/- രൂപയുമാണ് ഫീസ്. തുക 0202-01-102-92 എന്ന ശീർഷകത്തിൽ തന്നെ അടച്ച് ചെലാന്റെ അസൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം. ജനനത്തീയതി തിരുത്തുന്നതിനോടൊപ്പം മറ്റ് തിരുത്തലുകളും വരുത്താവുന്നതാണ്. അതിനുവേണ്ടി പ്രത്യേകം ഫീസ് അടയ്ക്കേണ്ടതില്ല. ഓരോ തിരുത്തലുകൾക്കും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. **പേര്** : സ്കൂൾ രേഖകളിൽ നിന്നും വ്യത്യസ്തമായി സർട്ടിഫിക്കറ്റുകളിൽ പേര്, ഇനിഷ്യൽ എന്നിവ തിരുത്താനോ ചേർക്കാനോ പാടില്ല.
2. **പ്രാദേശിക ഭാഷയിലുള്ള പേര്:** പ്രാദേശിക ഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ള പേര് ശരിയായി തർജ്ജമ ചെയ്തിട്ടില്ലെങ്കിൽ ശരിയാക്കി നൽകാവുന്നതാണ്.
3. **സ്കൂളിന്റെ പേര്:** സ്കൂൾ മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ പേര് തിരുത്തി നൽകാവുന്നതാണ്. എന്നാൽ വിദ്യാർത്ഥി സ്കൂൾ വിട്ടശേഷമുള്ള പേർമാറ്റം അനുവദിക്കാൻ പാടില്ല.
4. **അഡ്മിഷൻ നമ്പർ:** സ്കൂൾ മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നമ്പർ മാറ്റി നൽകാവുന്നതാണ്.
5. **ജനനത്തീയതി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജനനത്തീയതി തിരുത്തി നൽകാൻ പാടുള്ളൂ. നിർദ്ദിഷ്ട അപേക്ഷയോടൊപ്പം ജനന സർട്ടിഫിക്കറ്റിന്റെ അസ്സലും, രണ്ട് സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഹാജരാക്കണം. അപേക്ഷകൻ/അപേക്ഷക ഒപ്പ് വയ്ക്കാത്തതും, സ്കൂൾ മേധാവി ശുപാർശ ചെയ്യാത്തതും, അസൽ ചെലാൻ ഇല്ലാത്തതുമായ

അപേക്ഷകൾ സ്വീകരിക്കാൻ പാടില്ല. തിരുത്തേണ്ട സർട്ടിഫിക്കറ്റിന്റെ അസ്സലും രണ്ട് സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. പേര് രേഖപ്പെടുത്തിയിട്ടില്ലാത്ത ജനന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാൻ പാടില്ല. പതിനെട്ട് വയസ്സ് തികയാത്ത അപേക്ഷകർ അപേക്ഷിക്കാൻ രക്ഷിതാവിന്റെ ഒപ്പ് കൂടി രേഖപ്പെടുത്തേണ്ടതാണ്.

എസ്.എസ്.എൽ.സി. പരീക്ഷ എഴുതി പതിനഞ്ച് വർഷത്തിനകമുള്ള തിരുത്തലുകൾ മാത്രമേ പരീക്ഷാ കമ്മീഷണർ നിർവ്വഹിക്കുകയുള്ളൂ. പതിനഞ്ച് വർഷത്തിനുശേഷമുള്ള ജനനത്തീയതി തിരുത്തലുകൾ സർക്കാർ ഉത്തരവ് ലഭ്യമാക്കിയെങ്കിൽ മാത്രം പരിഗണിച്ചാൽ മതിയാകും.

കേന്ദ്ര, സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ജനന തീയതി തിരുത്തുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ പ്രസ്തുത തിരുത്തലുകൾ മൂലം മൂന്ന് മാസമോ അതിലധികമോ സർവ്വീസ് അധികമായി ഒരു വ്യക്തിക്ക് ലഭിക്കുന്നുവെങ്കിൽ ആ വ്യക്തിയുടെ ജനനത്തീയതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് പരിശോധന നടത്തി ഉറപ്പു വരുത്തിയശേഷം ഫയൽ പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കണം.

നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് തിരികെ അയയ്ക്കുമ്പോൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും (തിരുത്തേണ്ട യോഗ്യതാ സർട്ടിഫിക്കറ്റ് ഒഴികെ) തിരികെ അയച്ചു കൊടുക്കേണ്ടതാണ്. തിരുത്തേണ്ട യോഗ്യതാ സർട്ടിഫിക്കറ്റിൽ തന്നെയാണ് തിരുത്തൽ വരുത്തുന്നതെങ്കിൽ ആ സർട്ടിഫിക്കറ്റ് തിരികെ നൽകേണ്ടതാണ്. ഏതെങ്കിലും സർട്ടിഫിക്കറ്റ് തിരികെ ലഭിച്ചില്ല എന്ന പരാതി പിന്നീട് എപ്പോഴെങ്കിലും ആരെങ്കിലും സമർപ്പിക്കുകയും പ്രസ്തുത സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയും ചെയ്തതായി ബോദ്ധ്യപ്പെടുകയും ചെയ്താൽ അത് സംബന്ധിച്ച എല്ലാ കഷ്ടനഷ്ടങ്ങൾക്കും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് മാത്രമായിരിക്കും ഉത്തരവാദി.

6. **സെക്സ്:-** സ്കൂൾ മേധാവിയുടെ റിപ്പോർട്ടിന്മേൽ സെക്സ് മാറ്റി നൽകാവുന്നതാണ്.
7. **ജാതിയും, മതവും:-** ജാതിയും, മതവും സ്കൂൾ രേഖകൾ പ്രകാരമാണ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്കൂൾ രേഖകളിൽ ജാതിയോ, മതമോ അല്ലെങ്കിൽ ഇത് രണ്ടുമോ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ

സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കില്ല. സ്കൂൾ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ജാതിയും മതവും തിരുത്താൻ പാടില്ലാത്തതാണ്. സ്കൂളുകളിൽ നിന്നും ജാതിയും മതവും തിരുത്തിയ ശേഷം ഹാജരാക്കുന്ന അബ്സ്ട്രാറ്റ് ജാതിയും മതവും തിരുത്താൻ പരിഗണിക്കേണ്ടതില്ല. എന്നാൽ ഒന്നാം ക്ലാസ്സിലെ പ്രവേശന സമയത്ത് ജാതിയും, മതവും അപേക്ഷയിൽ ശരിയായി രേഖപ്പെടുത്തുകയും പിന്നീട് ഏതെങ്കിലും സ്കൂളിൽ വച്ച് ഇവ തെറ്റായി രേഖപ്പെടുത്തുകയും ചെയ്താൽ പ്രവേശന അപേക്ഷയുടെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പിയുടെയും തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ജാതിയും മതവും തിരുത്തി നൽകാവുന്നതാണ്. സ്വന്തം ജാതി മാറി മറ്റൊരു ജാതി സ്വീകരിക്കുകയും അപ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്താൽ സർട്ടിഫിക്കറ്റിലെ ജാതി തിരുത്തി നൽകാൻ പാടില്ല.

8. **ജാതിവിഭാഗം:-** എസ്.സി., എസ്.ടി., ഒ.ബി.സി., ജനറൽ തുടങ്ങിയ ജാതി വിഭാഗങ്ങൾ സ്കൂൾ രേഖകളിൽ നിന്നും വ്യത്യസ്തമായി എസ്.എസ്.എൽ.സി.യിൽ തിരുത്തി നൽകാൻ പാടില്ല. സ്കൂൾ റിക്കോർഡുകളിൽ നിന്നും വ്യത്യസ്തമായാണ് എസ്.എസ്.എൽ.സി.യിൽ ജാതിവിഭാഗം രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്കൂൾ രേഖയിലുള്ളത് പോലെ തിരുത്തി നൽകാവുന്നതാണ്. ഇപ്രകാരം ജനറൽ വിഭാഗത്തിൽ നിന്നും സംവരണ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുമ്പോൾ കീർത്താഡ്സ് ഡയറക്ടറുടെ രേഖാമൂലമുള്ള ഉത്തരവ് വാങ്ങിയിരിക്കണം.

ജാതി, മതം, ജാതിവിഭാഗം എന്നിവ സ്കൂൾ രേഖകളിലും എസ്.എസ്.എൽ.സി.യിലും ഉൾപ്പെടുകയും എന്നാൽ എസ്.എസ്.എൽ.സി.ക്ക് ശേഷം എസ്.എസ്.എൽ.സി.യിൽ നിന്നും ഇവ ഒഴിവാക്കണമെന്ന അപേക്ഷിക്കുമ്പോൾ അത് പരിഗണിക്കേണ്ടതില്ല.

എസ്.എസ്.എൽ.സി.യിൽ ജാതി, മതം, ജാതിവിഭാഗം എന്നിവ രേഖപ്പെടുത്താതിരിക്കുകയും എന്നാൽ ഇവ സ്കൂൾ രേഖകളിൽ ഉൾപ്പെട്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവ വീണ്ടും എസ്.എസ്.എൽ.സി.യിൽ ചേർക്കുന്നതിനായി സ്കൂൾ റിക്കോർഡു

കളോടൊപ്പം തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അസ്സൽ കൂടി ഹാജരാക്കേണ്ടതാണ്.

9. **പൗരത്വം:-** സ്കൂൾ രേഖകളിൽ നിന്നും വ്യത്യസ്തമായി എസ്.എസ്.എൽ.സി. യിൽ പൗരത്വം രേഖപ്പെടുത്തുമ്പോൾ തഹസിൽദാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എസ്.എസ്.എൽ.സി.ക്ക് ശേഷമാണ് ഇപ്രകാരം പുതിയ പൗരത്വം സ്വീകരിച്ചതെങ്കിൽ എസ്.എസ്.എൽ.സി.യിൽ മാറ്റം വരുത്തേണ്ടതില്ല.
10. **ജനന സ്ഥലം:-** അസ്സൽ ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനന സ്ഥലം മാറ്റി നൽകാവുന്നതാണ്.
11. **അമ്മയുടെയും അച്ഛന്റെയും പേര്:-** അസ്സൽ ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അമ്മയുടെയും, അച്ഛന്റെയും പേര് തിരുത്തി നൽകാവുന്നതാണ്. (ജനന സർട്ടിഫിക്കറ്റിലുളളത് പോലെ)
12. **രക്ഷകർത്താവിന്റെ പേര്:-** രക്ഷിതാവിന്റെ പേര് എസ്.എസ്.എൽ.സി. യിൽ തെറ്റായി രേഖപ്പെടുത്തപ്പെട്ടുവെങ്കിൽ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകന്റെ/പികയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാറ്റി നൽകാവുന്നതാണ്.
13. **മേൽവിലാസം:-** വിദ്യാർത്ഥി 10-ാം ക്ലാസ്സിൽ പഠിച്ച സമയത്തെ മേൽവിലാസമാണ് എസ്.എസ്.എൽ.സി.യിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷമുളള അഡ്രസ്സ് മാറ്റം എസ്.എസ്.എൽ.സി.യിൽ രേഖപ്പെടുത്തേണ്ടതില്ല. 29/12/2011-ലെ സ.ഉ.(സാധാ) നം:5867/2011/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മേൽവിലാസം തിരുത്തുമ്പോൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് മുമ്പ് വിതരണം ചെയ്ത ജനന സർട്ടിഫിക്കറ്റുകൾ മാത്രം പരിഗണിക്കുക.
14. **തിരിച്ചറിയൽ അടയാളങ്ങൾ:-** വിദ്യാർത്ഥി 10-ാം ക്ലാസ്സിൽ പഠിച്ച സമയത്ത് എടുത്ത അടയാളങ്ങളാണ് എസ്.എസ്.എൽ.സി.യിൽ രേഖപ്പെടുത്തി യിട്ടുളളത്. ടി അടയാളങ്ങൾ പിന്നീട് മാഞ്ഞുപോയാൽ മറ്റ് അടയാളങ്ങൾ ചേർക്കാനോ, പുതിയ അടയാളങ്ങൾ മാറ്റി നൽകാനോ പാടില്ല.

ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരുത്തലുകൾ വരുത്തുമ്പോൾ അപേക്ഷന്റെ/അപേക്ഷകയുടെ പേര് ജനന സർട്ടിഫിക്കറ്റിലും എസ്.എസ്.എൽ.സി.യിലും ഒരുപോലെ തന്നെയായിരിക്കണം. അല്ലാത്തപക്ഷം

എസ്.എസ്.എൽ.സി.യിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരിലുള്ള വ്യക്തിയും ജനന സർട്ടിഫിക്കറ്റിലെ വ്യക്തിയും ഒരാൾ തന്നെയാണ് എന്ന് തെളിയിക്കുന്ന "വൺ ആന്റ് ദി സെയിം" സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കിയിരിക്കണം.

എസ്.എസ്.എൽ.സി.യിൽ വരുത്തിയ എല്ലാ തിരുത്തലുകളും ടി.എച്ച്.എസ്.എൽ.സി., എ.എച്ച്.എസ്.എൽ.സി., പത്താംതരം തുല്യത പരീക്ഷ, എൻ.റ്റി.ഇ.സി., റ്റി.റ്റി.സി. ഡി.എഡ് തുടങ്ങിയ പരീക്ഷകളുടെ സർട്ടിഫിക്കറ്റുകളിലും ഉൾപ്പെടുത്താവുന്നതാണ്. ഇതിനായി നിർദ്ദിഷ്ട ഫീസ് അടച്ച അസൽ ചെലാനും, അപേക്ഷയും, തിരുത്തൽ വരുത്തിയ എസ്.എസ്.എൽ.സി.യുടെ അസ്സൽ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.